# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370

## വാർത്താക്കുറിപ്പ്

**2024 ഓഗസ്റ്റ് 6**

---

### ഓണേഴ്സ് ബിരുദം; രണ്ടാം ഫൈനൽ അലോട്ട്മെന്റിന് അപേക്ഷിക്കാം

മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിലെ ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളിൽ പ്രവേശത്തിനുള്ള രണ്ടാം ഫൈനൽ അലോട്ട്മെന്റിന് ഇന്നു(ഓഗസ്റ്റ് ഏഴ്) വൈകുന്നേരം നാലു വരെ ഓൺലൈൻ രജിസ്ട്രേഷൻ നടത്താം.

മുൻ അലോട്ട്മെന്റ് പട്ടികകളിൽ ഉൾപ്പെടാത്തവരും അലോട്ട്മെന്റ് ലഭിച്ചശേഷം പ്രവേശനം എടുക്കാത്തവരും ഇതുവരെ അപേക്ഷിക്കാത്തവരും ഉൾപ്പെടെയുള്ളവർക്ക് പുതിയതായി ഓപ്ഷൻ നൽകുകയും രജിസ്ട്രേഷൻ നടത്തുകയും ചെയ്യാം. ബിരുദ പ്രോഗ്രാമുകളിലെ പ്രവേശനം ഓഗസ്റ്റ് ഒൻപതിന് പൂർത്തീകരിക്കും.
(പി.ആർ.ഒ/39/709/2024)

### ഡ്രോൺ; സർട്ടിഫിക്കറ്റ് കോഴ്സുകൾ

മഹാത്മാ ഗാന്ധി സർവകലാശാലയിൽ ഡ്രോൺ സാങ്കേതിക വിദ്യ ശാസ്ത്രീയമായി പരിശീലിപ്പിച്ച് ലൈസൻസ് നൽകുന്ന കോഴ്സുകളുടെ പുതിയ ബാച്ചുകളിലേക്ക് ഇപ്പോൾ അപേക്ഷിക്കാം.

സർവകലാശാലയിലെ സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസിനു കീഴിൽ പ്രവർത്തിക്കുന്ന ഡോ. ആർ. സതീഷ് സെൻറർ ഫോർ റിമോട്ട് സെൻസിംഗ് ആന്റ് ജി.ഐ.ഐസ് ആണ് റോമാട്ട്ലി പൈലറ്റഡ് എയർക്രാഫ്റ്റ് സിസ്റ്റത്തിൽ(ആർ.പി.എ.എസ്) മൂന്നു മാസം, ഒരു മാസം എന്നിങ്ങനെ ദൈർഘ്യമുള്ള സർട്ടിഫിക്കറ്റ് കോഴ്സുകൾ നടത്തുന്നത്.

മലേഷ്യ ആസ്ഥാനമായുള്ള എസ്.ജി ഗ്രൂപ്പിന്റെ ഉപസ്ഥാപനമായ ഏഷ്യാ സോഫ്റ്റ് ലാബ് പ്രൈവറ്റ് ലിമിറ്റഡിന്റെ സാങ്കേതിക സഹായത്തോടെ നടത്തുന്ന കോഴ്സിൽ ബിരുദമോ ബിരുദാനന്തര ബിരുദമോ ഉള്ളവർക്കാണ് അവസരം. പ്രായം 18നും 60നും മധ്യേ.

കൃഷി, ഡാറ്റാ പ്രോസസിംഗ്, ത്രീഡി ഇമേജിംഗ്, മൈനിംഗ്, പരിസ്ഥിതി സംരക്ഷണം, ദുരന്തനിവാരണം, സിനിമ തുടങ്ങിയ മേഖലകളിൽ ഡ്രോണിന്റെ ഉപയോഗം, ഡ്രോൺ റേസിംഗ്, ഡ്രോൺ ഫ്ളൈറ്റ് പ്ലാനിംഗ് ആന്റ് ഓപ്പറേഷൻസ്, ഡ്രോൺ നിർമാണം തുടങ്ങിയവ ഉൾപ്പെടുന്നതാണ് സിലബസ്.

പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷന്റെ ഡ്രോൺ പൈലറ്റ് ലൈസൻസ് ലഭിക്കും.

വിശദ വിവരങ്ങളും അപേക്ഷാ ഫോറവും https://ses.mgu.ac.in, https://asiasoftlab.in/ എന്നീ ലിങ്കുകളിൽ ലഭ്യമാണ്. ഓഗസ്റ്റ് 27 വരെ അപേക്ഷ സമർപ്പിക്കാം. ഫോൺ- 7012147575 / 9395346446 / 9446767451. ഇമെയിൽ-uavsesmgu@email.com
(പി.ആർ.ഒ/39/710/2024)

## പ്രാക്ടിക്കൽ

ഓഫ് കാമ്പസ് ബിടിഎസ് ഡിഗ്രി പരീക്ഷ (കോമൺ ഫോർ സപ്ലിമെന്ററി / മെഴ്സി ചാൻസ് പരീക്ഷ 2012നു മുമ്പുള്ള അഡ്മിഷനുകൾ/ സിബിസിഎസ്എസ് 2012 അഡ്മിഷൻ മുതൽ ഏപ്രിൽ 2023 ) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഓഗസ്റ്റ് എട്ടിന് റാന്നി, സെന്റ് തോമസ് കോളേജിൽ നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

....................

രണ്ടാം സെമസ്റ്റർ ബിവോക് സൗണ്ട് എഞ്ചിനീയറിംഗ്, ലോജിസ്റ്റിക്സ് മാനേജ്മെന്റ് (പുതിയ സ്കീം-2023 അഡ്മിഷൻ റെഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2018-2022 അഡ്മിഷനുകൾ റീഅപ്പിയറൻസ് ജൂൺ 2024) പരീക്ഷകളുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഓഗസ്റ്റ് ഒൻപതിന് നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

....................

നാലാം സെമസ്റ്റർ ബിഎസ്സി ക്ലിനിക്കൽ ന്യൂട്രീഷൻ ആന്റ് ഡയറ്ററ്റിക്സ് (2022 അഡ്മിഷൻ റെഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2017 മുതൽ 2021 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി ഏപ്രിൽ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഓഗസ്റ്റ് 12ന് നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

....................

രണ്ടാം സെമസ്റ്റർ ബിവോക്ക് ബിസിനസ് ആന്റ് ടാക്സേഷൻ (പുതിയ സ്കീം-2023 അഡ്മിഷൻ റെഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2018 മുതൽ 2022 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ് പുതിയ സ്കീം ജൂൺ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഓഗസ്റ്റ് 12,13,14 തീയതികളിൽ നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

....................

രണ്ടാം സെമസ്റ്റർ ബിഎസ്സി ഇൻഫർമേഷൻ ടെക്നോളജി സിബിസിഎസ് (പുതിയ സ്കീം-2023 അഡ്മിഷൻ റെഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2017 മുതൽ 2022 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ് ജൂൺ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഓഗസ്റ്റ് 21ന് നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.
(പി.ആർ.ഒ/39/711/2024)

## വൈവ വോസി

മൂന്നും നാലും സെമസ്റ്റർ എംഎ അറബിക് (2022 അഡ്മിഷൻ റെഗുലർ, 2019 മുതൽ 2021 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്- പ്രൈവറ്റ് രജിസ്ട്രേഷൻ മെയ് 2024) പരീക്ഷയുടെ വൈവാവോസി ഓഗസ്റ്റ് 13,14 തീയതികളിൽ എറണാകുളം മഹാരാജാസ് കോളേജിൽ നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/712/2024)

**<u>പരീക്ഷാ ഫലം</u>**

നാലാം സെമസ്റ്റർ പിജിസിഎസ്എസ് എംഎ ഹിന്ദി, എംഎ തമിഴ്, എംഎ പൊളിറ്റിക്കൽ സയൻസ് (2022 അഡ്മിഷൻ റെഗുലർ, 2019 മുതൽ 2021 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി ഏപ്രിൽ 2024), പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഓഗസ്റ്റ് 21 വരെ ഓൺലൈനിൽ സമർപ്പിക്കാം.
(പി.ആർ.ഒ/39/713/2024)

**<u>പരീക്ഷക്ക് അപേക്ഷിക്കാം</u>**

മൂന്നും നാലും സെമസ്റ്റർ ബിഎ, ബികോം പ്രൈവറ്റ് രജിസ്ട്രേഷൻ(2012 അഡ്മിഷൻ സിബിസിഎസ്എസ് വിദ്യാർഥികളുടെ അവസാന മെഴ്സി ചാൻസ് പരീക്ഷക്കൾക്ക് ഓഗസ്റ്റ് 19 വരെ ഫീസ് അടച്ച് അപേക്ഷ സമർപ്പിക്കാം. ഓഗസ്റ്റ് 21ന് ഫൈനോടു കൂടിയും 22ന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും.

(പി.ആർ.ഒ/39/714/2024)

**<u>സ്പോട്ട് അഡ്മിഷൻ</u>**

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസിൽ എംടെക്, എംഎസ്സി പ്രോഗ്രാമുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് ഓഗസ്റ്റ് എട്ടിന് സ്പോട്ട് അഡ്മിഷൻ നടത്തും. എംടെക് എനർജി സയൻസ് ആന്റ് ടെക്നോളജി (ജനറൽ മെറിറ്റ്-5) എംഎസ്സി മെറ്റീരിയൽ സയൻസ്(സ്പെഷ്യലൈസേഷൻ ഇൻ എനർജി സയൻസ്(ജനറൽ മെറിറ്റ്-4), എന്നിങ്ങനെയാണ് ഒഴുവുകളുടെ എണ്ണം.

അർഹരായ വിദ്യാർഥികൾ യോഗ്യതാ രേഖകളുമായി രാവിലെ 11.30ന് മുൻപ് വകുപ്പ് ഓഫീസിൽ(റൂം നമ്പർ 302, കൺവർജൻസ് അക്കാദമിയ കോംപ്ലക്സ്) എത്തണം. വിശദ വിവരങ്ങൾ വെബ് സൈറ്റിൽ (https://sem.mgu.ac.in/) ഫോൺ-7736997254.
(പി.ആർ.ഒ/39/715/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**